KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ഗ്യാലക്സി



# ബി.വി.എം.എച്ച്.എസ് കല്ലേറ്റുംകര



# ചരിത്രം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ ആളൂർ പഞ്ചായത്തിലെ കല്ലേറ്റുംകരയിൽ ബി.വി.എം.എച്ച്.എസ് സ്കൂൾ സ്ഥിതിചെയ്യുന്നു 1945 ൽ ആണ് ഈ വിദ്യാലയത്തിനു സർക്കാർ അനുമതിലഭിച്ചത്. ബിഷപ്പ് വാഴപ്പിള്ളി മെമോറിയൽ ലോവർ സെക്കണ്ടറിസ്കൂൾ എന്നായിരുന്നു പേര്.1946-47 അധ്യയനവർഷത്തിൽ പ്രിപ്പറേറ്ററിയും,ഫാസ്റ്റ്ഫോം ക്ലാസ്സുകൾ ആരംഭിച്ചു. ശ്രീയുഎം.പൗലോസ് മാസ്റ്റർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. കല്ലേറ്റുംകരയിലെ കാത്തലിക്എഡ്യൂക്കേഷൻ ട്രസ്റ്റ് പ്രൈവറ്റ് ലിമിററ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.ഈ വിദ്യലയത്തിന്റെ സ്ഥാപക മാനേജർ ശ്രീ.പി.എജോൺ ആയിരുന്നു.1957-ൽ ഈ വിദ്യയാലയം-ഹൈസ്കൂളായിഉയർത്തപ്പെട്ടു. ആദ്യ ഹെഡ്മാസ്റ്റർ ശ്രീ‍ു..ജോർജ്ജ് മാസ്റ്റർ ആയിരുന്നു.അതിനുശേഷം തുടർച്ചയായി 18 വർഷക്കാലം ശ്രീ.ടി.ഒ.പൈലപ്പൻ മാസ്റ്റർ ആയിരുന്നു ഹെഡ്മാസ്റ്റർ. കഴിഞ്ഞ 20 വർഷമായിപരീക്ഷയിൽ ഉന്നത വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

### ഭൗതികസൗകര്യങ്ങൾ

- പാചകപ്പുര.
- ലൈബ്രറി റൂം.
- സയൻസ് ലാബ്.
- കമ്പ്യൂട്ടർ ലാബ്.
- എഡ്യൂസാറ്റ് കണക്ഷൻ.
- ഹൈടെക് ക്ലാസ് റൂം

എൽ.സി.ഡി. പ്രൊജക്ടർ ലേസർ പ്രിന്റർ, സ്കാനർ, വെബ്ക്യാമറ, വീഡിയോ ക്യാമറ, ലാപ്ടോപ്, ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്ഷൻ, ടി.വി. എന്നീ സൗകര്യങ്ങളും സ്കൂളിനുണ്ട്.

# പാഠ്യേതര പ്രവർത്തനങ്ങൾ

1 റെഡ്ക്രോസ് ആതുരസേവനവുംസാമൂഹ്യസേവനവുംലക്ഷ്യമാക്കിപ്രവർത്തിക്കുന്നജൂനിയർ റെഡ്ക്രോസ്

2 സാന്ത്വനഭവനപദ്ധതി

ഓരോ വർഷവും ഏറ്റവും നിർധനരായ ഒരുവിദ്യാർത്ഥിക്ക് ഭവനം

പണിതുനൽകുന്നപദ്ധതി.

3 സ്കൗട്ട്&ഗൈഡ് ദേശസ്നേഹികളെവാർത്തെടുക്കുന്നതിന്കർമനിരതമായ സ്കൗട്ട്&ഗൈഡ്പ്രസ്ഥാനം

4 ക്ലാസ് മാഗസിൻ.

5 വിദ്യാരംഗം കലാ സാഹിത്യ വേദി.

6 പരിസ്ഥിതി ക്ലബ്ബ്

7 ഇലക് ടൽ ലിറ്ററസി ക്ലബ്

8.ലിറ്റിൽ കൈറ്റ്

9 വിവിധ ക്ലബ്ബ് യൂണിറ്റുകൾ

# സന്ദേശം

വിവര സാങ്കേതിക മേഖലയിൽ അനുസ്യൂതം  വികസിച്ചു കൊണ്ടിരിക്കുന്ന അറിവിന്റെ  ചക്രവാളം പരമാവധി കൈ പിടിയിലൊതുക്കാനുള്ള   ലിറ്റിൽ  കൈറ്റ് കല്ലേറ്റുംകര ബി വി എം ഹൈസ്കൂളിലെ യൂണിറ്റംഗങ്ങളുടെ പരിശ്രമങ്ങളെ   അഭി നന്ദിക്കുന്നു. പുതിയ പടവുകൾ കയറി   ലോകത്തെ തന്നെ നിയന്ത്രിക്കുന്ന  സങ്കേതിക നിപുണന്മാരാവാൻ  നിങ്ങൾക്ക് കഴിയട്ടെ. നിങ്ങൾ പുറത്തിറക്കുന്ന  മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



ഹമീദ് മാസ്റ്റർ (എച്ച് എം)

# പ്രവേശനോത്സവം

ഈ സരസ്വതിക്ഷേത്രത്തിലേക്ക് ആദ്യമായി കടവന്നുവന്ന നവാഗതരെ അദ്ധ്യാപകർ തൊട്ടുംകുറിയണിയിച്ചു കൊണ്ട് സ്വീകരിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ കാതറിൻ പോൾ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ നവാഗതർക്ക് അക്ഷരദീപം പകരുകയും കുട്ടികൾ അക്ഷരജ്യോതി അണിയിക്കുകയും ചെയ്തു.ഈ വർഷത്തെ SSLC വിദ്യാർത്ഥികൾ നവാഗതർക്ക് പൂച്ചെണ്ട് നല്കി.അങ്ങനെ 2019-20 അദ്ധ്യയനവർഷത്തിന് ഔദ്യോഗികമായി ആരംഭം കുറിച്ചു.



# ഔഷധതൈ വിതരണം

പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ഹെഡ്മാസ്റ്റർ,മാനേജർ,വാർഡ് മെമ്പർ ശ്രീ.ഷാജൻ കള്ളിവളപ്പിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അസംബ്ലി കൂടുകയും വിധ്യാഥികൾക്ക് വൃക്ഷതൈകളും ഔഷധതൈകളും വിതരണം  ചെയ്തു.



# ജൂൺ-19 വായനദിനം

പി.എൻ. പണിക്കർ ചരമദിനം മുതൽ ഐ വി ഭുവനദാസ് ജന്മദിനം വരെ നീണ്ടു നിൽക്കുന്ന പരിപാടികളോടെ ആഘോഷിച്ചു. അതോടൊപ്പം വിവിധ ക്ലബുകളുടെ ഉദ്ഘാടനവും ഔപചാരികമായി നടന്നു. വായനാദിന പരിപാടികൾ ആളൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഡേവിസ് മാസ്റ്റർ ഉദ്ഘാടനം നിർഹിച്ചു. മുൻ മലയാളം അദ്ധ്യാപിക ക്ലാര ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി.







# ഓണച്ചങ്ങാതി 2019

ഉജ്ജ്വലിന്റെ വീട്ടിൽ ഓണം ആഘോഷിച്ചു.










# കേരളപ്പിറവി

ചെറിയ നാടിന്റെ വലിയ കഥകൾ ലോകത്തിന് സമ്മാനിച്ച മലയാളക്കരയ്ക്ക് 63 തികയുന്ന നവകേരള സൃഷ്ടിയ്ക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന മലയാളനാടിന് ജൻമദിനാശംസകൾ - നവംബർ 1 കേരളപ്പിറവി.



# നൈതികം

ഭരണഘടനയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് ബി. വി. എം. എച്ച്. എസ് കല്ലേറ്റുംകരയ്ക്കായി തയ്യാറാക്കിയ ഭരണഘടന സ്കൂൾ പാർലമെന്റ് അംഗങ്ങളും സാമൂഹ്യശാസ്ത്ര അദ്ധ്യാപകരും ചേർന്ന് ഹെഡ് മാസ്റ്റർ ശ്രീ. അബ്ദുൾ ഹമീദിന് കൈമാറുന്നു.



# പ്രതിഭകളെ തേടി

## സർഗ പ്രതിഭ – ജോൺ മാസ്റ്റർ



## കലാ പ്രതിഭ -  ശ്രീരാഗ്



# മെന്റൽ ഹെൽത്ത് ഡേ

വേൾഡ് മെന്റൽ ഹെൽത്ത് ഡേയോടനുബന്ധിച്ച് നമ്മുടെ കുട്ടികൾ ഒരുക്കിയ ബോധവൽക്കരണ പരിപാടി കല്ലേറ്റുംകര അങ്ങാടിയിൽ.






# ആരോഗ്യ കേരളം പദ്ധതി






# ഡ്രൈ ഡേ

എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചക്ക 1.30 മുതൽ 2 മണിവരെ ഡ്രൈ ഡേ ആചരിക്കുന്നു. സ്കൂൾ പരിസരവും ക്ളാസ്സ് മുറികളും വൃത്തിയാക്കുന്ന പ്രവർത്തനം നല്ലപാഠം പ്രവർത്തകർ ഏറ്റെടുത്തു നടപ്പിലാക്കി. ഇപ്പോഴും വെള്ളിയാഴ്ചകൾ തോറും നടത്തിപ്പോരുന്നു.

# ശാസ്ത്ര രംഗം

റിപ്പോർട്ട്

ബി.വി.എം എച്ച് എസ് കല്ലേറ്റുകര ശാസ്ത്ര രംഗ പ്രവർത്തനങ്ങൾ 2019 ഒക്ടോബർ 11-ാം തിയതി രാവിലെ 10.30 ന് ബഹുമാനപ്പെട്ട ശ്രീമതി ജിജി ടീച്ചർ ഉദ്ഘാടനം ചെയ്തു. ശാസ്ത്ര രംഗമെന്ന പദ്ധതിയുടെ ലക്ഷ്യങ്ങളെ കുറിച്ച് ടീച്ചർ വിശദമായി അവതരിപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികൾ വിഷയാടിസ്ഥാനത്തിൽ നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് അധ്യാപകരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഉദ്ദേശിച്ചിരുന്ന സമയത്തിനുള്ളിൽ ഓരോ ഗ്രൂപ്പും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.





# മാതൃ ശാക്തീകരണം.

വിദ്യാലയ അന്തരീക്ഷവും കുട്ടികളും ഹൈടെക്ക് ആയി മാറിയ സാഹചര്യത്തിൽ അമ്മമാർ കേരളത്തിന്റെ ഓരോ ക്ലാസ്സ് മുറിയിലും പുതിയതായി ഉൾചേർത്ത സാങ്കേതിക സജ്ജീകരണങ്ങളെക്കുറിച്ചും അതിനനുസരിച്ച് പാഠപുസ്തകങ്ങളിലും പാഠവിനിമയത്തിലും വന്നിരിക്കുന്ന മാറ്റങ്ങളെ കുറിച്ചും ഏറ്റവും ബോധവതിയാകേണ്ടത് അമ്മ തന്നെയാണ് എന്ന് തിരിച്ചറിഞ്ഞ് ആധുനിക വിവരവിനിമയ സങ്കേതങ്ങളെ കുറിച്ചുള്ള ചില അറിവുകൾ അമ്മമാരിലേക്ക് എത്തിക്കുന്നതിനായ പൊതുവിദ്യാഭ്യാസ വകുപ്പ് ലിറ്റിൽ കൈസ്റ്റ് ക്ലബിന്റെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി ഒരു പരിശീലന പരിപാടി 25-ാം തിയതി ഉച്ചയ്ക്ക് 2 മണിയ്ക്ക് നടത്തുകയുണ്ടായി സ്കൂൾ ലീഡർ എയ്ഞ്ചൽ അഗസ്റ്റിൻ സ്വാഗതം പറഞ്ഞു. സ്കൂൾ മാനജർ വിൻസെന്റ് തണ്ടേക്കൽ ,ഹെഡ്മാസ്റ്റർ അബ്ദുൾ ഹമീദ്, പി.ടി.എപ്രസിഡന്റ് ഫ്രാൻസിസ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അമ്മമാർക്കായി ക്ലാസെടുത്തു



# ഔഷധത്തോട്ടം

5,6,7 ക്ളാസ്സുകളിലെ നല്ലപാഠം പ്രവർത്തകർ ഇക്കുറി ഔഷധച്ചെടികൾ നട്ടു പരിപാലിക്കുന്നു.ആര്യവേപ്പ്, വേപ്പ്, കൃഷ്ണ തുളസി, രാമതുളസി,നോനി,നീലമരി, കറുക,എരുക്ക്,മഞ്ഞൾ,ഇഞ്ചി,തിപ്പലി,ബ്രഹ്മി,മുത്തങ്ങതുടങ്ങി 25 ൽപരം ഔഷധച്ചെടികൾ കുട്ടികൾ പരിപാലിച്ചുപോരുന്നു.



# പ്ലാറ്റിനം ജൂബിലി ആഘോഷം

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഔപചാരിക ഉദ്ഘാടനവും 75-ാം വാർഷിക പൊതുയോഗവും ആദരണീയനായ കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു.



# കടപ്പാട്

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ഗ്ലാഡിസ് ടീച്ചർക്കും ജെൻസി ടീച്ചർക്കും റീനി ടീച്ചർക്കും ഒരായിരം നന്ദി

എഡിറ്റർ

## ഇതിന് പിന്നിൽ പ്രവർത്തിച്ച കുട്ടികൾ

**ആഷാ റോസ്**

**സൂസന്ന അജയൻ**

**വിചിത്ര വി**

**എറിൻ റോയ്**

**അനാമിക ബിജു**

**ആഗ്നസ് മേരി ദാസ്**

## നന്ദി